പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6656 04/04/2018 -ൽ മറുപടിയ്ക്ക്

## ഹൈസ്കൂളിൽ നിന്നും കൊഴിഞ്ഞു പോകുന്ന കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞു പോകുന്ന കുട്ടികളിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ കുട്ടികളുടെ വീട് സന്ദർശിച്ച് തിരികെ എത്തിക്കുന്നതിന് കാര്യക്ഷമമായ ശ്രമങ്ങൾ നടക്കുന്നില്ലാ യെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വയനാട് ജില്ലയിൽ കൊഴിഞ്ഞു പോകുന്ന നൂറ് ശതമാനം കുട്ടികളുടെയും വീട് സന്ദർശിച്ച് തിരികെ എത്തിക്കാൻ ശ്രമം നടക്കുമ്പോൾ മറ്റ് ജില്ലകളിൽ ഇത് കേവലം പത്ത് ശതമാനം മാത്രമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) പ്രാദേശിക ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ വീട് സന്ദർശിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. 2018 ജനുവരിയിൽ രക്ഷാകർതൃ ബോധവൽക്കരണം നടത്തിയിരുന്നു. വേനലവധിക്ക് നടത്തുന്ന മികവുത്സവത്തിന്റെ ഭാഗമായി രക്ഷാകർത്താക്കൾക്കായി "നന്മ പൂക്കുന്ന നാളേയ്ക്കായ്" എന്ന പേരിൽ കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിന്റെ 30,000 കോപ്പികൾ അച്ചടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞു പോകുന്ന എല്ലാ കുട്ടികളുടെയും വീട് സന്ദർശിച്ച് കൊഴിഞ്ഞു പോകലിന്റെ കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) കൊഴിഞ്ഞു പോകലിന്റെ കാരണങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ